ശ്രീ. പി. രവീന്ദ്രൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ പാർക്കായി പ്രഖ്യാപിക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ള കാര്യം ഇൻഡ്യാഗവൺമെൻറുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ജോൺജേക്കബ്: ഈ മൃഗസംരക്ഷണ കേന്ദ്രത്തിൽ എത്ര മൃഗങ്ങൾ ഉണ്ടെന്നുള്ളതിനെപ്പറ്റി വല്ല സെൻസസ്സും എടുത്തിട്ടുണ്ടോ; മൃഗങ്ങൾ കുറഞ്ഞുപോകുന്നു എന്നു കേൾവിയുള്ളത് ശരിയാണോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല. കുറഞ്ഞതിനെപ്പറ്റിവ്യക്തമായി അറിവില്ല. ധാരാളം കന്നുകാലികളെ മേയ്ക്കുന്നതുകൊണ്ടും ആളുകൾ ധാരാളം പ്രവേശിക്കുന്നു എന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൃഗങ്ങൾ കുറഞ്ഞിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ജോൺജേക്കബ്: സെൻസസ് എടുക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: അത് പ്രായോഗികമാണോ എന്ന് എനിക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് ഇതിനുസമീപം ഒരു വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുവെന്നുപത്രത്തിൽ റിപ്പോർട്ടുണ്ടായിരുന്നു. അതിനെസംബന്ധിച്ച് വിശദമായ വിവരം നൽകാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ചെല്ലാർകോയിൽ എന്നു പറയുന്ന പ്രദേശത്ത് ഒരു എയർസ്ട്രിപ്പ് ഉണ്ടാക്കണമെന്ന് ഒരു നിർദ്ദേശമുണ്ട്. ഇൻഡ്യാഗവൺമെൻറുമായി എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: ഹൗസിംഗ് ബോട്ട് ഉണ്ടാക്കാൻ ഏർപ്പാടുണ്ടോ; ഇല്ലെങ്കിൽ ഹൗസിംഗ് ബോട്ട് ഉണ്ടാക്കുന്നതിന് ഏർപ്പാടു ചെയ്യുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇപ്പോൾ ഇത്തരം നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിൽ ഇല്ല.

തൊണ്ടുവില നിയന്ത്രണം

* 87 [325] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്)
,, സി. കെ. ബാലകൃഷ്ണൻ
,, എസ്. ദാമോദരൻ
,, വി. എസ്. അച്യുതാനന്ദൻ
,, കെ. ഐ. രാജൻ
,, ഈ പി. കൃഷ്ണൻ നമ്പ്യാർ
,, പി. പി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊണ്ടുവില നിയന്ത്രിച്ചതുമൂലം കയറിൻെറ വില കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നറിയുന്നതു ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആണെങ്കിൽ പ്രസ്തുത വിലക്കുറവു തടയുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിനു പരിപാടി ഉണ്ടോ;

(സി) ഉണ്ടെങ്കിൽ അതെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) തൊണ്ടുവില നിയന്ത്രണം കൊണ്ടുള്ള ഫലം തൊഴിലാളികൾക്കും മറ്റും ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ): (എ) തൊണ്ടുവില നിയന്ത്രിച്ചതുമൂലം കയറിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതു ശരിയല്ല. കയറിന്റെ വിദേശവ്യാപാരത്തിൽ ഗണ്യമായ മാന്ദ്യം സംഭവിച്ചിട്ടുണ്ടെന്നാണ് കയർ ബോർഡ് പ്രസിദ്ധപ്പെടുത്തിയ കണക്കുകളിൽനിന്നും കാണുന്നത്. അതായത് 1968 ഏപ്രിൽ മുതൽ ഡിസംബർവരെ 3,25,715 ക്വിന്റൽ കയറുമതി ചെയ്തപ്പോൾ 1969 ഏപ്രിൽ മുതൽ ഡിസംബർവരെ 2,67,437 ക്വിന്റൽ മാത്രമേ കയറുമതി ചെയ്തിട്ടുള്ളൂ. അപ്രകാരം വിദേശവ്യാപാരത്തിൽ വന്നിട്ടുള്ള മാന്ദ്യമാണ് പ്രധാനമായും കയറിന്റെ വിലയിൽ കുറവു വരാനുള്ള കാരണം.

(ബി), (സി) കയർ വിപണിയിൽ സ്തംഭനം ഒഴിവാക്കുന്നതിനു വേണ്ടി കേന്ദ്രകയർമാർക്കറ്റിംഗ് സഹകരണസംഘങ്ങൾക്ക് ബാങ്ക് ക്രഡിറ്റു വഴി ജനസഹായം നൽകി പ്രൈമറി കയർ സഹകരണസംഘങ്ങളിൽനിന്നു ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് വളരെക്കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇതിനും പുറമേ ഷിപ്പിംഗ് ലീൻ അഡ്വാൻസ്, കീ ലോൺ, ഗവൺമെന്റുവായ്പ മുതലായവയും നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(ഡി.) കയറിന് എന്തെങ്കിലും കാരണവശാൽ വിലയിടിവു വരുമ്പോഴും കൂലി കുറയാതിരിക്കുവാനും തൊണ്ടുവില കുറയുന്നതുകൊണ്ടും ഉണ്ടാകുന്ന ഉൽപ്പാദനച്ചെലവിൽവരുന്ന കുറവ് തൊഴിലാളികൾക്ക് ലഭിക്കത്തക്കവണ്ണം കയറിന് ഒരു ഫ്ളോർ പ്രൈസ് നിശ്ചയിക്കുന്നതിനും കയർ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കയർ ബോർഡ് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നാണറിയുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: തൊണ്ടുവില നിയന്ത്രിച്ചതുകൊണ്ട് തൊഴിലാളികൾക്ക് ഉണ്ടാകാവുന്ന ആനുകൂല്യം മെച്ചപ്പെടാൻ സാധിക്കാത്ത നിലയിൽ ഇരിക്കുന്നതുകൊണ്ട് ഫ്ളോർപ്രൈസ് നിശ്ചയിച്ച് കയർ ഗവൺമെന്റ് വാങ്ങിക്കാനുള്ള നടപടിയെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ഗവൺമെന്റ് നേരിട്ട് വാങ്ങിക്കണമെന്നു ഉദ്ദേശിക്കുന്നില്ല. സെൻട്രൽ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് ആവശ്യമായ സാമ്പത്തികസഹായം ചെയ്തുകൊടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഫ്ളോർ പ്രൈസ് നിശ്ചയിച്ച് ഗവൺമെന്റു വാങ്ങിക്കുന്ന കാര്യം ആലോചിക്കാമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പി. രവീന്ദ്രൻ: കയർബോർഡ് ഫ്ളോർ പ്രൈസ് എന്തായിരിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ട്. ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല. രണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

ഴ്ചയ്ക്കകം പ്രഖ്യാപിക്കുമെന്നാണ് ഗവൺമെൻറ് കരുതുന്നത്. ഗവൺമെൻറു നേരിട്ടു വാങ്ങിക്കുകയെന്ന ആശയം ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിലില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: കയർ ഡവലപ്പുമെൻറ് സ്കീം അനുസരിച്ച് കയർ ഉൽപ്പാദിപ്പിക്കുന്നതുമുതൽ വിലയ്ക്ക് വാങ്ങിക്കുന്നതു വരെയുള്ള എല്ലാ നടപടികളിലും ഗവൺമെൻറ് മുഖ്യമായി പങ്കെടുക്കണമെന്നും അങ്ങനെ കയർ ഡവലപ്പുമെൻറു സ്കീം നടപ്പിലാക്കിയെങ്കിൽ മാത്രമേ കയർത്തൊഴിലാളികൾക്ക് പ്രയോജനം വരുന്നരീതിയിൽ കൂലി നിജപ്പെടുത്തി നിശ്ചയിക്കാൻ കഴിയുകയുള്ളു എന്ന് ഈ ഡവലപ്പ്മെൻറു സ്കീം പ്രകാരം ഗവൺമെൻറ് അറിയിച്ചിരുന്നില്ലേ? ജാനുവരിക്കു മുൻപ് നടപ്പിലാക്കുമെന്ന് മുൻഗവൺമെൻറു പറഞ്ഞിരുന്നു. അതനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രവീന്ദ്രൻ: വളരെ ബൃഹത്തായ ഒരു പദ്ധതി ഇൻഡ്യാ ഗവൺമെൻറിൻെറ മുൻപാകെ വച്ചിട്ടുണ്ട്. പതിനഞ്ചുകോടിയിലധികം രൂപ ചെലവു വരുന്ന ഒരു പദ്ധതിയാണത്. ആ പദ്ധതയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആ പദ്ധതി നടപ്പിലാക്കാനുള്ള സാമ്പത്തികസഹായം ഇൻഡ്യാഗവൺമെൻറിൽ നിന്നു കിട്ടാതിരുന്നതുകൊണ്ട് സംസ്ഥാനഗവൺമെൻറിൻെറ ബഡ്ജറിലുള്ള പരിമിതമായ തുക ഉപയോഗിച്ച് ഒരു ആരംഭമെന്നുള്ള നിലയിൽ ഈ പ്രവർത്തനം ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്.

ശ്രീ. എസ്. ദാമോദരൻ: നിയന്ത്രിത വിലയ്ക്ക് തൊണ്ടു കിട്ടണമെന്നാവശ്യപ്പെട്ട ആളുകളുടെ മേൽ പോലീസ് ഭയങ്കരമായ മർദ്ദനം അഴിച്ചുവിട്ടിട്ടുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. പി. രവീന്ദ്രൻ: ഗവൺമെൻറിനു രേഖാമൂലം യാതൊരു പരാതിയും കിട്ടിയിട്ടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: തൊണ്ടുവില നിയന്ത്രിച്ചതിനെത്തുടർന്ന് തൊണ്ടുമുതലാളിമാർ തൊണ്ടു പൂഴ്ത്തിവച്ചിട്ട് കയർപിരിത്തൊഴിലാളികൾക്ക് ആവശ്യമായ തൊണ്ടുകിട്ടാൻ സൗകര്യമില്ലാതെ വരുന്ന സന്ദർഭത്തെക്കുറിച്ചും തൊണ്ടു പൂഴ്ത്തിവച്ചിട്ടുള്ള ഇത്തരം മുതലാളിമാർക്കെതിരായി കർശനമായ നടപടികളെടുക്കുന്നതിനെസംബന്ധിച്ചും ഗവൺമെൻറ് ശ്രദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം എത്ര മുതലാളിമാരുടെ പേരിൽ നടപടിയെടുത്തു എന്നു പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: ഇതിനെപ്പറ്റി ഇതിനുമുൻപ് ഒരു ദിവസം ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ചില മുതലാളിമാർ അങ്ങനെ ചെയ്തിട്ടുണ്ട്. ആ പ്രദേശങ്ങളിലെല്ലാം ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൻെറ ഉദ്യോഗസ്ഥൻമാർ ഇടപെട്ട് കുറെ റിലീസ് ചെയ്യിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ചില സ്ഥലത്ത് വിജയിച്ചിട്ടുണ്ട്. മറ്റു ചില സ്ഥലങ്ങളിൽ ട്രേഡ്യൂണിയൻ പ്രതിനിധികളും ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാരും ചേർന്ന് അഴുകൽ തൊണ്ടെടുത്ത് കൊടുക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ലൈസൻസിംഗ് വ്യവസ്ഥ പ്രഖ്യാപിക്കുന്നതോടുകൂടി കർശനമായ നടപടികളും സ്വീകരിക്കാൻ ഗവൺമെൻറിൽനിന്നും ശ്രദ്ധിക്കുന്നതാണ്. അതിനാവശ്യമായ നിർദ്ദേശങ്ങളും ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാർക്ക് ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ: വിദേശവിപണിയിൽ നമ്മുടെ കയർ ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നത് കുറയുന്നതിനുള്ള കാരണം എന്താണെന്നു ഗവൺമെന്റു പരിശോധിച്ചിട്ടുണ്ടോ; നാണയവിനിമയ മൂല്യം പോലെയുള്ള സംഗതികളും നമ്മുടെ കയറുമതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് കയറുമതി കുറയാൻ ഇടയായിട്ടുള്ളതെന്ന കാര്യത്തെസംബന്ധിച്ചു വ്യക്തമാക്കാമോ?

ശ്രീ. പി. രവീന്ദ്രൻ: ഇതിനു നിരവധി കാരണങ്ങളുണ്ട്. ഒന്ന് കയർകൊണ്ടുണ്ടാക്കുന്ന സാധനങ്ങളെപ്പോലെതന്നെ ആകർഷകമായ മറ്റു സാധനങ്ങളും മറ്റു യൂറോപ്യൻ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്. അതും ഇതിന്റെ മാർക്കറ്റു കുറയുന്നതിനുള്ള പ്രധാനമായ കാരണങ്ങളിലൊന്നാണ്.

ശ്രീ. എസ്. ദാമോദരൻ: കയറിന്റെ വില നിയന്ത്രിക്കാതെ തൊണ്ടിന്റെ വില നിയന്ത്രിച്ച പ്രഖ്യാപനം അർത്ഥശൂന്യമാണെന്നു മനസ്സിലാക്കി അതു പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: അർത്ഥശൂന്യമാണെന്നു പറയുന്നത് ഞാൻ നിഷേധിക്കുന്നു. ഇത് അർത്ഥവത്താണെന്ന് കയർ അഡ്വൈസറി ബോർഡ് ഏകകണ്ഠമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രാജ്യത്ത് കയർ വ്യവസായവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ ആളുകളും തൊണ്ടുവിലനിയന്ത്രണത്തെ സ്വാഗതം ചെയ്തിട്ടുണ്ടെന്നു കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണ്.

ശ്രീ. എസ്. ദാമോദരൻ: കയറിന്റെ വില നിയന്ത്രിക്കാതെ തൊണ്ടിന്റെ വില നിയന്ത്രിച്ചാൽ അതൊരിക്കലും ഫലപ്പെടുകയില്ലെന്നു കയർവ്യവസായവുമായി ബന്ധപ്പെട്ടിട്ടുള്ള സാമാന്യബുദ്ധിയുള്ള ആളുകൾക്കു മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് ഇക്കാര്യം ഒന്നു പുനഃപരിശോധന ചെയ്യുമോ?

ശ്രീ. പി. രവീന്ദ്രൻ: കയറിന്റെ വില നിയന്ത്രിക്കണമെന്ന് ഒരു നിർദ്ദേശവും വന്നിട്ടില്ല. കയറിന്റെ ഫ്ളോർ പ്രൈസ് നിശ്ചയിക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. കയർബോർഡ് അതു നിശ്ചയിച്ചിട്ടുണ്ട്. കയർബോർഡ് അത് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ലെന്നു മാത്രമേയുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കയർഡവലപ്പുമെന്റ് സ്കീമിന്റെ ഏതാനും ഭാഗങ്ങൾ സംസ്ഥാനഗവൺമെന്റ് പരിമിതമായ ഫണ്ട് ഉപയോഗിച്ച് ആരംഭിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നു പറഞ്ഞു. കയർ ഡവലപ്പുമെന്റു സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്ന എന്തെല്ലാം പരിപാടികൾ ആരംഭിക്കാൻ കഴിഞ്ഞു എന്നുള്ളതിനെസംബന്ധിച്ച് വിശദീകരിക്കാൻ കഴിയുമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ സംസ്ഥാനത്തെ പത്തു മേഖലകളായി തിരിച്ച് കയർ സൊസൈറ്റികൾക്ക് പ്രത്യേകമായി സഹായം ചെയ്തു കൊടുക്കുക എന്നുള്ളതാണ് ഉദ്ദേശം. പത്തു മേഖലകളിൽ ഓരോ മേഖലയിൽനിന്നും ഓരോ സൊസൈറ്റിയെ തിരിച്ച് അതിനാവശ്യമായ സാമ്പത്തികസഹായം നൽകി ഒരു മോഡൽ എന്നുള്ള നിലയിൽ പ്രവർത്തിപ്പിക്കുക എന്നുള്ളതാണ് ഇപ്പോൾ ഗവൺമെന്റുദ്ദേശിച്ചിട്ടുള്ളത്. അതിനാവശ്യമായ നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെന്റിനു കൊടുത്തിട്ടുണ്ട്. സംഘങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചിട്ട് അവയുടെ ലോൺ ആപ്ലിക്കേഷൻ ഇപ്പോഴും ഗവൺമെൻറു പരിശോധിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കയർ ഡവലപ്പുമെൻറ് സ്കീമിൻെറ ഭാഗമായി ഇപ്പോഴും തൊണ്ടുവില നിയന്ത്രിച്ചിരിക്കുന്നത് വളരെ നല്ല നടപടിതന്നെയാണ്. തൊണ്ടുവില നിയന്ത്രിച്ചിരിക്കുന്നതിൻെറ പ്രയോജനം മുഴുവൻതന്നെ തൊഴിലാളികൾക്കു കിട്ടുന്നതിനു സഹായകമായനിലയിൽ ഫ്ലോർ പ്രൈസ് നിശ്ചയിച്ചുകൊണ്ട് കയർ ഡവലപ്പുമെൻറ് സ്കീമിൻെറ ഭാഗമെന്നുള്ള നിലയിൽ കയർ പർച്ചേസ് ചെയ്യാനുള്ള സ്കീം നടപ്പിലാക്കിയെങ്കിൽ മാത്രമേ പൂർണ്ണമായ പ്രയോജനം ചെറുകിട ഉൽപ്പാദകരും തൊഴിലാളികൾക്കും കിട്ടുകയുള്ളു എന്നുള്ളതു പരിഗണിച്ച് ആ സ്കീമിൻെറ ആ ഭാഗത്തിന് മുൻഗണന കൊടുക്കാൻ കഴിയുമോ?

ശ്രീ. പി. രവീന്ദ്രൻ: തീർച്ചയായും പരിഗണിച്ചുകൊണ്ടിരുക്കുന്ന ഒരു കാര്യമാണ്. ഫ്ലോർ പ്രൈസ് നിശ്ചയിക്കണമെന്ന് സംസ്ഥാന ഗവൺമെൻറുതന്നെ കയർബോർഡിനോട് ആവശ്യപ്പെട്ടിരുന്നു. കയർബോർഡ് ഫ്ലോർ പ്രൈസ് നിശ്ചയിച്ചിട്ടുണ്ട്. പ്രഖ്യാപിച്ചിട്ടില്ല. പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ ഉടൻതന്നെ കയർകോർപ്പറേഷൻ ഈ രംഗത്തു പ്രവേശിക്കുന്നതും കയർകോർപ്പറേഷന് അതിനാവശ്യമായ സാമ്പത്തികസഹായം ഗവൺമെൻറു ചെയ്തുകൊടുക്കുന്നതുമാണ്. കയർകോർപ്പറേഷന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറിൻെറ ഉദ്ദേശം.

ശ്രീ. പി. എസ്. നമ്പൂതിരി: മുൻഗവൺമെൻറ് നല്ല ഒരു കയർ സ്കീം ആവിഷ്കരിച്ച് കേന്ദ്രഗവൺമെൻറിന് അയച്ചിരുന്നു. അതിന് കേന്ദ്രഗവൺമെൻറ് ഇനിയും അംഗീകരിച്ചിട്ടില്ലെങ്കിൽ കേരളത്തിലെ അനേകായിരം പേരുടെ തൊഴിലിനെ ബാധിക്കുന്ന ഇക്കാര്യത്തിൽ പ്രത്യേകമായ പരിഗണന ഉണ്ടാകണമെന്നു വീണ്ടും കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കാനും ആ സ്കീം നടപ്പിലാക്കാനും ആവശ്യമായ നടപടികളെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: കേന്ദ്രഗവൺമെൻറിനോട് ഇക്കാര്യത്തെ സംബന്ധിച്ച് വീണ്ടും നിവേദനം നടത്തണമെന്ന് ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ട്. താമസിയാതെ ആ നിവേദനം നടത്തുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊണ്ട് പൂഴ്ത്തിവച്ചവർക്കെതിരായി അതെടുക്കാനുള്ള നടപടി നടത്തുമ്പോൾ പോലീസ് ഇടപെട്ടതായി യാതൊരു വിവരവും രേഖാമൂലം കിട്ടിയിട്ടില്ലെന്നു പറഞ്ഞു. ഗവൺമെൻറു പ്രഖ്യാപിച്ച ഒരു നിയമം നടപ്പിലാക്കാതെ അതു പരാജയപ്പെടുത്താൻ ശ്രമിക്കുന്നവർക്കെതിരായി നടത്തുന്ന സമരത്തെ സഹായിക്കുന്ന ഒരു നിലപാട് ഗവൺമെൻറ് എടുക്കുമെന്നു പ്രഖ്യാപിക്കുമോ; അതിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന നയം ഗവൺമെൻറു പ്രഖ്യാപിക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ഇതുവരെ ഇത്തരം സംഭവങ്ങളിൽ പോലീസ് ഇടപെട്ടതായി രേഖാമൂലം യാതൊരു പരാതിയും കിട്ടിയിട്ടില്ല. ആവശ്യമില്ലാതെ പോലീസ് ഇടപെടുകയില്ലെന്നാണ് ഗവൺമെൻറിൻെറ വിശ്വാസം. ഗവൺമെൻറിൻെറ നയവും അതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പോലീസ് ഇടപെട്ടതായി അനേകം സംഭവങ്ങളുണ്ട്. അതാണ് ശ്രീ. പി. ആർ. വാസുവിൻെറ കേസ് ഉൾപ്പെടെ.

LIBRARY ARCHIVES Kerala Legislative Assembly

മർദ്ദനത്തെസംബന്ധിച്ചു വേണമെങ്കിൽ രേഖാമൂലം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. ഗവൺമെൻറ് പ്രഖ്യാപിച്ച നയം നടപ്പിലാക്കാതെ അതിനെ പരാജയപ്പെടുത്താൻ മുതലാളിമാർ ശ്രമിക്കുമ്പോഴും ആ നടപടിക്കു സഹായകമായ നിയലിൽ പോലീസിനെ അയയ്ക്കുകയില്ലന്ന് പ്രഖ്യാപനം നടത്താൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: പോലീസിനെ അയയ്ക്കുകയില്ലന്ന പ്രഖ്യാപനം നടത്തേണ്ട ആവശ്യമില്ല. അക്രമം ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിൽ പോലീസ് യാതൊരു കാരണവശാലും ഇടപെടുകയില്ല. തൊണ്ട് പൂഴ്ത്തിവയ്ക്കുന്ന ആളുകളുടെ കാര്യത്തിൽ നടപടിയെടുക്കാൻ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥനെ സഹായിക്കാൻ ഇംപ്ലിമെൻേറഷൻ കമ്മിറ്റി എല്ലാ പ്രദേശങ്ങളിലും ഉണ്ടാക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടി നടത്താൻ ഡിപ്പാർട്ടുമെൻറിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

അദ്ധ്യാപകരില്ലാത്തതുമൂലം അടച്ചിട്ടിരിക്കുന്ന സ്ക്കൂളുകൾ

* 88 [326] ശ്രീ. ഈ ബാലാനന്ദൻ
,, മുസ്തഫാ കെമാൽ
,, പാലൊളി മുഹമ്മദുകുട്ടി
,, ടി. കെ. രാമകൃഷ്ണൻ
,, എസ്. ദാമോദരൻ
,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സ്ക്കൂളുകൾ അദ്ധ്യാപകരില്ലാത്തതുമൂലം അടച്ചിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) നെടുമങ്ങാട് കടുത്തുകാൽ എൽ. പി. എസ്. അദ്ധ്യാപകരില്ലാത്തതുമൂലം അടച്ചിടേണ്ടിവന്നു എന്നറിയുന്നത് ശരിയാണോ;

(ഡി) ആണെങ്കിൽ കാരണമെന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ)

(എ) ഇല്ല.

(ബി) ചോദ്യമുദിക്കുന്നില്ല.

(സി) അല്ല. എന്നാൽ നെടുമങ്ങാട് എൽ. പി. സ്ക്കൂളിൽ വേണ്ടത്ര അദ്ധ്യാപകരില്ലെന്ന പരാതിയുണ്ടാകുകയും അതെതുടർന്ന് ഈ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി ആറിങ്ങൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ആഫീസർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചോദ്യമുദിക്കുന്നില്ല.

ശ്രീ. മുസ്തഫാകെമാൽ: പല സ്ക്കൂളുകളിലും അദ്ധ്യപകൻമാരുടെ ദൗർലഭ്യംമൂലം അടച്ചിടേണ്ടിവന്നിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ പാർട്ടു ടൈമായി ജോലിനോക്കുന്നവരെ ഫുൾടൈമാക്കി നിയമിക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly